ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്. ശാന്തി നഗർ,
തിരുവനന്തപുരം.

**Acd.Sp.Cell (2)/56617/2012** **തീയതി : 05/08/2013**

## സർക്കുലർ

വിഷയം : ഹ.സെ.വി - പബ്ലിക് എൻട്രൻസ് എക്സാമിനേഷൻ കോച്ചിംഗ് സ്കീം (PEECS) - വിക്ടേഴ്സ് ചാനൽ വഴി സംപ്രേഷണം ചെയ്യുന്ന ക്ലാസ്സുകൾ വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുത്തുന്നതിന് പ്രിൻസിപ്പൽമാർക്കുള്ള നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ IT @ School, VICTERS, KSITM, KELTRON എന്നിവയുടെ സാങ്കേതിക സഹായത്തോടെ സർക്കാർ, എയ്ഡഡ് ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കായി നടപ്പാക്കുന്ന പബ്ലിക് എൻട്രൻസ് എക്സാമിനേഷൻ കോച്ചിംഗ് സ്കീമിന്റെ (PEECS) രണ്ടാംവർഷ പരിശീലന ക്ലാസ്സുകൾ 2013 ജൂലൈ 29 തിങ്കളാഴ്ച മുതൽ വിക്ടേഴ്സ് ചാനലിൽ സംപ്രേഷണം ചെയ്തുവരുന്നു. രണ്ടാംവർഷ ഹയർ സെക്കന്ററി പാഠ്യപദ്ധതിയുടെയും എൻട്രൻസ് പരീക്ഷാ സിലബസ്സിന്റെയും അടിസ്ഥാനത്തിലാണ് രണ്ടാംവർഷ പരിശീലനക്ലാസ്സുകൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഒരു മണിക്കൂർ വീതം ദൈർഘ്യമുള്ള ക്ലാസ്സുകൾ തിങ്കൾ മുതൽ വെള്ളിവരെ ഒരു ദിവസം ഒരു വിഷയം എന്ന രീതിയിൽ രാവിലെ **9.30 മുതൽ 10.30 വരെയായിരിക്കും** സംപ്രേഷണം ചെയ്യുക.

താഴെപ്പറയും പ്രകാരമാണ് വിവിധ വിഷയങ്ങളിലെ ക്ലാസ്സുകൾ ക്രമീകരിച്ചിരിക്കുന്നത്.

| | | |
|---|---|---|
| തിങ്കൾ | - | മാത്തമാറ്റിക്സ് |
| ചൊവ്വ | - | ഫിസിക്സ് |
| ബുധൻ | - | കെമിസ്ട്രി |
| വ്യാഴം | - | ബോട്ടണി |
| വെള്ളി | - | സുവോളജി |

ഓരോ ദിവസവും രാവിലെ സംപ്രേഷണം ചെയ്യുന്ന ക്ലാസ്സുകൾ **അന്നേദിവസം രാത്രി 7.30 മുതൽ 8.30 വരെ Victers ചാനൽ വഴി തന്നെ പുന:സംപ്രേഷണം ചെയ്യുന്നതാണ്.** വിഷയം പരിചയപ്പെടുത്തിയശേഷം, ആ വിഷയവുമായി ബന്ധപ്പെട്ട, പ്രവേശനപരീക്ഷാമാതൃകയിലുള്ള ചോദ്യങ്ങൾ ചർച്ച ചെയ്യുന്ന രീതിയിലായിരിക്കും ക്ലാസ്സുകൾ. ഇടയ്ക്ക് മാർഗ്ഗനിർദ്ദേശ പരിപാടികളും ഉണ്ടായിരിക്കും. ക്ലാസ്സുകളുടെ ലൈവ് സ്ട്രീമിംഗ് ഇതേ സമയങ്ങളിൽ **http://victers.itschool.gov.in** എന്ന വെബ് സൈറ്റ് വഴിയും കാണാവുന്നതാണ്.

ഒന്നാംവർഷ ഹയർ സെക്കന്ററി പരിശീലനക്ലാസ്സുകൾ ആഗസ്റ്റ് മൂന്നാംവാരം ആരംഭിക്കും.

ഇതോടൊപ്പം PEECS വെബ് സൈറ്റായ **http://peecs.kerala.gov.in** വഴിയുള്ള സൗകര്യങ്ങൾ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതാണ്. സംപ്രേഷണം ചെയ്യുന്ന ക്ലാസ്സുകൾ സൗകര്യപ്രദമായി വീക്ഷിക്കുവാനും, വിഷയവുമായി ബന്ധപ്പെട്ട ഓൺലൈൻ പരീക്ഷകൾ അഭിമുഖീകരിക്കുവാനും, അദ്ധ്യാപകരോട് സംശയങ്ങൾ ഉന്നയിക്കുവാനുമുള്ള സൗകര്യങ്ങളാണ് വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് പ്രധാനമായും ലഭിക്കുന്നത്. ഇതിനായി, വിദ്യാർത്ഥികൾ, അവർ പഠിക്കുന്ന സ്കൂൾ വഴി രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. രജിസ്ട്രേഷൻ നടപടികൾ ആഗസ്റ്റ് 1 ന് ആരംഭിച്ചിട്ടുണ്ട്. സയൻസ് സ്ട്രീമിൽ പഠിക്കുന്നവർക്ക്, അവർ പഠിക്കുന്ന വിഷയങ്ങളനുസരിച്ച്, എൻഞ്ചിനീയറിംഗിനോ, മെഡിക്കലിനോ, രണ്ടിനുമോ രജിസ്റ്റർ ചെയ്യാൻ സൗകര്യമുണ്ടായിരിക്കും. രജിസ്റ്റർ ചെയ്യുന്നതിനനുസരിച്ച്, ഓൺലൈൻ പരിശീലന പരീക്ഷകൾ അഭിമുഖീകരിക്കുവാനുള്ള സൗകര്യം വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതാണ്.

താൽപര്യമുള്ള വിദ്യാർത്ഥികൾക്ക് PEECS വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യുന്നതിനും, പരിശീലന ക്ലാസ്സുകളിലും ശേഷമുള്ള ഇന്ററാക്ടീവ് സെഷനുകളിലും പങ്കെടുക്കുന്നതിനും പ്രിൻസിപ്പൽമാർ എല്ലാവിധ സഹായവും നൽകേണ്ടതാണ്. മറ്റ് പീരിയഡുകൾക്കും, PEECS പദ്ധതിയിൽ ഉൾപ്പെടാത്ത വിദ്യാർത്ഥികളുടെ ക്ലാസ്സുകളുടെ സുഗമമായ നടത്തി

പ്പിനും ഭംഗം വരാതെ PEECS പരിശീലന ക്ലാസ്സുകളും ഇന്ററാക്ടീവ് സെഷനുകളും ക്രമീകരിക്കേണ്ട ഉത്തരവാദിത്തം പ്രിൻസിപ്പൽമാരിൽ നിക്ഷിപ്തമാണ്.

കുട്ടികൾക്ക് സർവ്വഥാ പ്രയോജനകരമായ ഈ പദ്ധതിയിൽ പരമാവധി പങ്കാളിത്തം ഉറപ്പുവരുത്താൻ എല്ലാ പ്രിൻസിപ്പൽമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**ഒപ്പ്/-**
**ഡയറക്ടർ**

S